**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2981** — **07-10-2025 - ൽ മറുപടിയ്ക്ക്**

**മനുഷ്യ - വന്യജീവി സംഘർഷം തടയാൻ മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. എ. പ്രഭാകരൻ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | മനുഷ്യ - വന്യജീവി സംഘർഷം പരിഹരിക്കുവാൻ വനം വകുപ്പ് രൂപീകരിച്ച പത്ത് മിഷനുകളുടെ പ്രവർത്തനം വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിന് ജനകീയ ജനപങ്കാളിത്തത്തോടെ പത്ത് തീവ്രയജ്ഞ മിഷനുകൾ 26/02/2025- ലെ സ.ഉ.(കൈ) നം. 8/2025/വനം ഉത്തരവ് പ്രകാരം സർക്കാർ രൂപകല്പന ചെയ്ത് വനം വകുപ്പ് നടപ്പിലാക്കി വരുന്നു. ആയവയെക്കുറിച്ചുള്ള സംക്ഷിപ്ത വിവരണം ചുവടെ ചേർക്കുന്നു.<br>1. Mission FFW ( Mission Food, Fodder & Water )<br>വന്യമൃഗങ്ങൾക്ക് ആവശ്യമായ ഭക്ഷണ-ജലലഭ്യത വനത്തിനുള്ളിൽ തന്നെ ഉറപ്പുവരുത്തുന്നതിനാണ് ഈ യജ്ഞം ലക്ഷ്യമിടുന്നത്. വനാന്തരങ്ങളിലെ കുളങ്ങളിലും ചെക്ക്ഡാമുകളിലും മറ്റു ജലസംഭരണികളിലും ജലസംഭരണശേഷി വർദ്ധിപ്പിച്ച് വന്യജീവികൾക്ക് ജലലഭ്യത ഉറപ്പാക്കിയും, വനമേഖലകളിൽ പടർന്ന് പിടിച്ചിട്ടുള്ള സെന്ന പോലുള്ള അധിനിവേശ സസ്യങ്ങളെ ഉന്മൂലനം ചെയ്ത് തദ്ദേശീയ ഫലവൃക്ഷങ്ങളുടെ വ്യാപനത്തെ പ്രോത്സാഹിപ്പിച്ചും വനത്തിനുള്ളിൽ ഭക്ഷണലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതിയാണിത്. വനത്തിനുള്ളിൽ ഭക്ഷണ-ജല ലഭ്യതയുടെ അപര്യാപ്തതമൂലം ഭക്ഷണവും കുടിവെള്ളവുമന്വേഷിച്ച് വന്യമൃഗങ്ങൾ കാടിറങ്ങുന്നത് തടയുന്നതിന് ഈ മിഷൻ പ്രവർത്തനങ്ങൾ കൊണ്ട് സാധിച്ചിട്ടുണ്ട്.<br><br>2. Mission Tribal Knowledge (ഗോത്രഭേരി)<br>മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനും കേരളത്തിലെ ഗോത്രവിഭാഗങ്ങൾ സ്വീകരിച്ചു വരുന്ന അലിഖിതവും പുറം ലോകത്തിനു അപരിചിതവുമായ പരമ്പരാഗത അറിവുകളും അടവുകളുമുണ്ട്. ഇത്തരം അറിവുകളുടെ ശേഖരണത്തിനും അവയുടെ ഫലപ്രാപ്തി സംബന്ധിച്ച ശാസ്ത്രീയ പഠനങ്ങൾക്കും |

പ്രായോഗികമായവയുടെ ഉപയുക്തതയ്ക്കും പ്രചാരണത്തിനുമായി കേരള വന ഗവേഷണ കേന്ദ്രവുമായി ചേർന്ന് ഗോത്രഭേരി അഥവാ Mission Tribal Knowledge എന്ന പദ്ധതി വനം വകുപ്പ് നടത്തി വരുന്നു. പട്ടിക-വർഗ വികസന വകുപ്പിന്റെ കൂടി സഹകരണത്തോടെ നടപ്പിലാക്കിയ പ്രസ്തുത പദ്ധതിയുടെ ഭാഗമായി വിവിധ മേഖലകളിൽ സെമിനാറുകൾ സംഘടിപ്പിച്ചു ഗോത്രവിഭാഗങ്ങളിൽ നിന്നും ആവശ്യമായ അറിവ് ശേഖരിച്ച് ആയത് വിശകലനം ചെയ്ത് വേണ്ട തുടർ നടപടികൾ കൈക്കൊണ്ടുവരികയാണ്. ഇത്തരത്തിൽ 18 സെമിനാറുകളിൽ 360 ഉന്നതികളിൽ നിന്നുമുള്ള 1016 പേർ പങ്കെടുത്തു അനുഭവങ്ങൾ പങ്കുവച്ചു.

### 3. Mission Solar Fencing

ജനവാസ മേഖലകളിലേക്ക് വന്യമൃഗങ്ങൾ കടക്കുന്നത് തടയാൻ ഫലപ്രദമായ ഒരു മാർഗമാണ് സൗരോർജ്ജ വേലികൾ. എന്നാൽ വനമേഖലയിലെ അടിക്കാടുകളുടെ വളർച്ച, മരങ്ങൾ മറിഞ്ഞു വീഴുക, ആനപോലുള്ള മൃഗങ്ങൾ കാരണമുണ്ടാകുന്ന കേടുപാടുകൾ, പരിചരണക്കുറവ്, കാലപ്പഴക്കം, ഇടിമിന്നൽ പോലുള്ള പ്രകൃതിശക്തികളാൽ ഉപകരണങ്ങൾ കേടാകൽ തുടങ്ങിയ കാരണങ്ങളാൽ സൗരോർജ്ജവേലികൾ എല്ലായ്പ്പോഴും പ്രവർത്തനക്ഷമമായിരിക്കണ മെന്നില്ല. വനം വകുപ്പ് ഇതുവരെ സ്ഥാപിച്ചിട്ടുള്ള സൗരോർജ വേലികളുടെ അവസ്ഥ വിലയിരുത്തി ആവശ്യമായ അറ്റകുറ്റ പണികൾ നടത്തി പ്രവർത്തനക്ഷമമാക്കാൻ മിഷൻ സോളാർ ഫെൻസിംഗ് എന്ന തീവ്രയജ്ഞ മിഷൻ നടത്തി വരികയാണ്. മേൽപ്പറഞ്ഞ വിവിധ കാരണങ്ങളാൽ 2000-ത്തോളം കിലോമീറ്റർ സൗരോർജ വേലികൾ മിഷൻ ഫെൻസിങ് 2024 ന് കീഴിൽ പൂർണ്ണ പ്രവർത്തനക്ഷമാക്കാൻ സാധിച്ചിട്ടുണ്ട്. സൗരോർജ വേലികളുടെ തൽസ്ഥിതി വിലയിരുത്തി അവയുടെ കാര്യക്ഷമമായ പ്രവർത്തനത്തിനാവശ്യമായ അറ്റകുറ്റ പണികൾ സന്നദ്ധ സംഘടനകളുടേയും EDC, VSS അംഗങ്ങളുടേയും പഞ്ചായത്തിന്റേയും സഹകരണത്തോടെ നടത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം. 2024 ൻറെ അവസാന പാദത്തിൽ തുടക്കമിട്ട ഈ പദ്ധതി തുടർ പ്രവർത്തനമായി എല്ലാ സൗരോർജ്ജവേലികളും പ്രവർത്തനക്ഷമമാക്കി പരിചരണം ഉറപ്പു വരുത്തുകയും ആയതിലൂടെ മനുഷ്യ-വന്യമൃഗ സംഘർഷം ഒഴിവാക്കുകയുമാണ് ഉദ്ദേശിക്കുന്നത്. സംരക്ഷണ വിഭാഗം ജീവനക്കാർ കൂടുതൽ സമയം സന്നദ്ധസേവനം നടത്തിയാണ്

യുദ്ധകാലാടിസ്ഥാനത്തിൽ ഇത്രയും ഫെൻസിംഗ് തകരാറുകൾ പരിഹരിച്ച് പ്രവർത്തനക്ഷമമാക്കിയത്.

4. Mission Primary Response Team

മനുഷ്യ-വന്യജീവി സംഘർഷം റിപ്പോർട്ട് ചെയ്യപ്പെടുന്നയിടങ്ങളിൽ സംഘർഷ ലഘൂകരണ പ്രവർത്തനങ്ങളിൽ പരിശീലനം സിദ്ധിച്ച പരിചയ സമ്പന്നരായ RRT സംഘം എത്തിച്ചേരുന്നതിന് മുമ്പ് തന്നെ ചിട്ടയായ സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾക്ക് അടിയന്തരമായി തുടക്കം കുറിക്കുവാൻ തദ്ദേശവാസികളിൽ നിന്നും സന്നദ്ധരായവരെ ഉൾപ്പെടുത്തി സന്നദ്ധ പ്രാഥമിക പ്രതികരണ സേന അഥവാ Primary Response Team (PRT) കൾ രൂപികരിക്കുക എന്നതാണ് പദ്ധതി ലക്ഷ്യം. പൊതുജനങ്ങളുടെ സുരക്ഷ ഉറപ്പ് വരുത്തി സംഘർഷാവസ്ഥ നിയന്ത്രണ വിധേയമാക്കുന്നതിനായി രൂപീകരിച്ച PRT കളിൽ വിദഗ്ധ പരിശീലനം ലഭിച്ചിട്ടുള്ള SARPA വോളന്റിയർമാർ, പഞ്ചായത്തുതല ജൈവ വൈവിധ്യപരിപാലന സമിതി അംഗങ്ങൾ (BMC), സിവിൽ ഡിഫൻസ് അംഗങ്ങൾ, സന്നദ്ധ പ്രവർത്തകർ, വി.എസ്.എസ്. /ഇ.ഡി.സി അംഗങ്ങൾ ഉണ്ടാകും. ജന ജാഗ്രത സമിതിയുടെ നിർദ്ദേശാനുസരണമായിരിക്കും ഇവരെ ഉൾപ്പെടുത്തി PRT കൾക്കു രൂപം നൽകുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള സന്നദ്ധസേനാഅംഗങ്ങളുടെ പങ്കാളിത്തവും സഹകരണവും PRT യിൽ ഉറപ്പുവരുത്തുന്നതാണ്. PRT യിലെ അംഗങ്ങൾ തദ്ദേശീയരായതിനാൽ സ്ഥലത്തെ ഭൂപ്രകൃതി, പ്രകൃതത്ത തടസ്സങ്ങൾ, പകരസാധ്യതകൾ (alternatives) സാമൂഹിക സ്ഥിതി, ദുരന്തമുഖത്തെ രക്ഷാമാർഗ്ഗങ്ങൾ (exit routes) തുടങ്ങിയവയെക്കുറിച്ചുള്ള അവരുടെ അറിവും പരിചയവും സംഘർഷ ലഘൂകരണ പ്രവർത്തനങ്ങളെ കൂടുതൽ കാര്യക്ഷമമാക്കും. നിലവിൽ വിവിധ പഞ്ചായത്തുകളിലായി 327 പ്രൈമറി റെസ്പോൺസ് ടീമുകൾ രൂപീകരിച്ചിട്ടുണ്ട്. PRT അംഗങ്ങളുടെ പരിശീലനങ്ങളും അടയാള വിതരണവും നടന്നു വരുന്നു.

5. Mission Real Time Monitoring

ആധുനിക സാങ്കേതിക വിദ്യയുടെ കൃത്യമായ ഉപയോഗം വനം-വന്യജീവി പരിപാലനത്തിന് വളരെ സഹായകമാകും. മനുഷ്യ-വനജീവി സംഘർഷ സാഹചര്യങ്ങൾ ഒഴിവാക്കുവാൻ വന്യമൃഗ സാന്നിധ്യം മുൻകൂട്ടി അറിയുന്നതിനും ജനങ്ങൾക്ക് മുന്നൊരുക്കങ്ങൾ സ്വീകരിച്ച സുരക്ഷിതരായിരിക്കാനും

സഹായിക്കുന്ന അടിസ്ഥാന വിവരകൈമാറൽ സംവിധാനങ്ങൾ നിലവിൽ സംസ്ഥാനത്തെ വനമേഖലകളിൽ നടപ്പിലാക്കി വരുന്നുണ്ട്. മനുഷ്യ-വന്യമൃഗ സംഘർഷങ്ങൾ വ്യാപകമായ ഇടങ്ങളിൽ ഏറ്റവും കാര്യക്ഷമമായി ഇത്തരത്തിലുള്ള നൂതന സാങ്കേതിക വിദ്യയിലൂന്നിയുള്ള നിരീക്ഷണ പരിപാടികളും മറ്റിതര സംരക്ഷണ സംവിധാനങ്ങളും നടപ്പിലാക്കാനാണ് മിഷൻ Real Time Monitoring ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ ആനത്താരകൾ, വന്യമൃഗങ്ങളുടെ സ്ഥിരം സഞ്ചാരപാതകൾ എന്നിവ തുടർച്ചയായി നിരീക്ഷിക്കുകയും വന്യമൃ ഗങ്ങളുടെ നീക്കം മുൻകൂട്ടിയറിഞ്ഞ് മുൻകരുതൽ സംവിധാനങ്ങൾ ഒരുക്കുകയും ചെയ്യുക എന്നതാണ് ടി പദ്ധതിയുടെ പ്രധാന ലക്ഷ്യം.

6.Mission Sensitization to Public

മനുഷ്യ-വന്യമൃഗ സംഘർഷവുമായി ബന്ധപ്പെട്ട് അടിസ്ഥാനരഹിതവും തെറ്റിദ്ധാരണാജനകവുമായ പല വിവരങ്ങളും ബോധപൂർവ്വമോ അല്ലാതെയോ പ്രചരിപ്പിച്ച് സംഘർഷ ബാധിതമേഖലകളിലെ ജനങ്ങളെ പരിഭ്രാന്തരാക്കുകയും സംഘർഷ സാഹചര്യങ്ങളിൽ അനാവശ്യ അപകടങ്ങൾക്ക് ഇടയാക്കുകയും ചെയ്യാറുണ്ട്. ഇതിന് പരിഹാരമായി മനുഷ്യ-വന്യജീവി സംഘർഷങ്ങൾ സംബന്ധിച്ച് പ്രാദേശിക സംഘർഷ സാഹചര്യങ്ങൾക്ക് അനുസൃതമായ വിജ്ഞാന അവബോധ പരിപാടികൾ സംഘടിപ്പിക്കുകയും പൊതുജനത്തിന് വന്യജീവി സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും അനുബന്ധ വിഷയങ്ങളെക്കുറിച്ചും അവബോധരാക്കുക എന്നതും ഈ പദ്ധതി ലക്ഷ്യമിടുന്നു. സോഷ്യൽ ഫോറസ്റ്റിവിഭാഗം, ഫോറസ്റ്റി ഇൻഫർമേഷൻ ബ്യൂറോ, വനം സോഷ്യൽ മീഡിയാ സെൽ എന്നീ വിഭാഗങ്ങളാണ് ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. പൊതുജനങ്ങൾക്കായുള്ള ബോധവത്ക്കരണ പരിപാടികൾക്കൊപ്പം ബന്ധപ്പെട്ട മറ്റ സർക്കാർ വകുപ്പുകൾക്കും ഏജൻസികൾക്കും ഉചിത-മായ അവബോധ പ്രവർത്തനങ്ങൾ ഈ മിഷൻ്റെ ഭാഗമായി നടപ്പാക്കി വരുന്നുണ്ട്.

7. Mission Science on Human Wildlife Conflict

മനുഷ്യ-വന്യമൃഗ സംഘർഷം തടയുന്നതിന്റെ ഭാഗമായി 'Mission Science on Human Wildlife Conflict' എന്ന പദ്ധതിക്ക് വനം വകുപ്പ് രൂപം നൽകിയിട്ടുണ്ട്. കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KFRI), ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ &

റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (TBGRI), വൈൽഡ്ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ, സലീം അലി സെൻ്റർ (SACON), കേരള കാർഷിക സർവകലാശാല, കേരള വെറ്ററിനറി & ആനിമൽ സയൻസ് സർവ്വകലാശാല (KVASU) തുടങ്ങിയ വിവിധ ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഗവേഷണം, പഠനം എന്നിവ നടത്തുകയും കാലാവസ്ഥാവ്യതിയാനം മൂലമുള്ള വന്യമൃഗങ്ങളുടെ സ്വഭാവത്തിലുള്ള മാറ്റങ്ങൾ, സംഘർഷത്തിന് കാരണമാകുന്ന വിവിധ കാരണങ്ങൾ എന്നിവ സംബന്ധിച്ച് പഠനം നടത്തുന്നതിന് മുൻകൈ എടുക്കുകയും, പഠന ഗവേഷണ പരിപാടികളുടെ കണ്ടെത്തലുകൾ ഉദ്യോഗസ്ഥരിലേക്കും പൊതുജനങ്ങളിലേക്കും കൃത്യമായി എത്തിക്കുന്നതിനുമുള്ള നടപടികളും വന പരിപാലനത്തിന് പഠന ഫലങ്ങളുടെ അടിസ്ഥാനത്തിൽ കാലോചിതമായ മാറ്റങ്ങൾ ഉണ്ടാക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

### 8.Mission Bonnet Macaque

കേരളത്തിലെ പല ഭാഗങ്ങളിലും വർദ്ധിച്ചു വരുന്ന നാടൻ കുരങ്ങുകളുടെ ശല്യം ശാസ്ത്രീയമായി പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടത് അനിവാര്യമാണ്. നിലവിൽ ഈ വിഷയം സംബന്ധിച്ച് പഠനങ്ങൾ കുറവാണ്. കേരളത്തിൻ്റെ വിവിധ പ്രദേശങ്ങളിൽ നാടൻ കുരങ്ങുകളുടെ സാന്നിദ്ധ്യവും അതുമൂലമുള്ള പ്രശ്നങ്ങളും നിലനിൽക്കുന്നുണ്ട്. നാടൻ കുരങ്ങുകൾ മൂലമുണ്ടാകുന്ന സംഘർഷങ്ങളുടെ കാരണങ്ങളും, പൊതുവായും പ്രാദേശിക പ്രത്യേകതകൾക്ക് അനുസരിച്ച് പ്രത്യേകമായും പ്രതിവിധിയായി സ്വീകരിക്കാവുന്ന നടപടികൾ ഉൾക്കൊള്ളിച്ചും വിശദമായ പഠനറിപ്പോർട്ട് തയാറാക്കി അതനുസ രിച്ച് നാടൻ കുരങ്ങുകൾ മൂലമുണ്ടാകുന്ന പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും പ്രായോഗികമായി ഇല്ലാതാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. വന്യജീവി (സംരക്ഷണ) നിയമത്തിന്റെ ഒന്നാം പട്ടികയിൽ ഉൾപ്പെടുന്ന വന്യജീവി എന്ന നിലയിൽ കേന്ദ്ര സർക്കാരിന്റെ അനുമതി തേടുന്നതുൾപ്പെടെ, നിയമാനുസൃതമായി കൈക്കൊള്ളാവുന്ന നടപടികളിലേക്കും ഈ പദ്ധതി ഉത്തരം തേടുന്നതായിരിക്കും. ഇതിനായി തയ്യാറാക്കിയ കരട് പദ്ധതി ദേശീയ തലത്തിലുള്ള വിദഗ്ധരുമായി ചർച്ച ചെയ്തു തയ്യാറാക്കിയിട്ടുണ്ട്.

### 9. Mission Wild Pig

വനത്തിനു പുറത്ത് ജനവാസമേഖലയിൽ ജനങ്ങളുടെ

| | | | |
|---|---|---|---|
| | | | ജീവനും സ്വത്തിനും അപകടകാരികളായ കാട്ടുപന്നികളെ ഉന്മൂലനം ചെയ്യുന്നതിനും സംഘർഷം ഒഴിവാക്കുന്നതിനും നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം നൽകിയിട്ടുണ്ട്. ഇത്തരത്തിലെ അധികാര വികേന്ദ്രീകരണം കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കാൻ ആവശ്യമായ പരിശീലനങ്ങളും സാങ്കേതിക സഹായങ്ങളും വനം വകുപ്പ് പഞ്ചായത്തുകൾക്ക് നൽകും. പഞ്ചായത്തുകൾ എംപാനൽ ചെയ്തിട്ടുള്ള ഷൂട്ടേഴ്സിന് വകുപ്പിന്റെ സാങ്കേതിക സഹായം ലഭ്യമാക്കുന്നതും ലളിതവും കൂടുതൽ ഫലപ്രദവുമായ മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുക എന്നതും ഈ പദ്ധതിയുടെ ലക്ഷ്യമാണ്.<br><br>10. Mission SARPA<br>മനുഷ്യ-വന്യജീവി സംഘർഷങ്ങൾ മൂലമുള്ള മരണങ്ങളിൽ ഏറ്റവും കൂടുതൽ സംഭവിക്കുന്നത് വനത്തിനു പുറത്തു പാമ്പു കടിയേറ്റാണ്. ഈ തിരിച്ചറിവാണ് 2020 മുതൽ ജനവാസമേഖലകളിൽ നിന്നും പാമ്പുകളെ സുരക്ഷിതമായി പിടികൂടി അപകടങ്ങൾ ഒഴിവാക്കുക ലക്ഷ്യമാക്കി SARPA എന്ന മൊബൈൽ ആപ്പും, പരിശീലനം ലഭിച്ച സന്നദ്ധ പ്രവർത്തകരുടെ സേവനവും ഒരുക്കുന്നതിന് വനം വകുപ്പിനെ പ്രേരിപ്പിച്ചത്. 2019 ൽ പാമ്പുകടിയേറ്റ് 123 ജീവൻ പൊലിഞ്ഞ അവസ്ഥയിൽ നിന്നും 2024 ൽ 30 മരണം എന്ന് കുറയ്ക്കാൻ ഈ പരിശ്രമത്തിന് കഴിഞ്ഞിട്ടുണ്ട്. പാമ്പുകടിയേറ്റ് ഒരു മരണം പോലും ഉണ്ടാവരുത് എന്നതാണ് സർപ്പയും വനം വകുപ്പും ലക്ഷ്യമിടുന്നത്. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി (SDMA), തദ്ദേശ സ്വയം ഭരണം, ആരോഗ്യം, റവന്യൂ വിദ്യാഭ്യാസം എന്നിങ്ങനെ വിവിധ വകുപ്പുകളുടെ ഏകോപനവും സഹകരണവും ഈ ലക്ഷ്യം നേടുവാൻ ആവശ്യമാണ്. പ്രാദേശികമായി കൂടുതൽ ഫലപ്രദമായ ആന്റിവെനം നിർമിക്കുന്നതിനുള്ള ശ്രമങ്ങളിലേക്കും സർപ്പ ശ്രദ്ധ കേന്ദ്രീകരിക്കും. |
| (ബി) | പ്രസ്തുത മിഷനുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | മേൽ തീവ്രയജ്ഞ മിഷനുകൾ തുടർന്നു വരികയാണ്. ഓരോ മിഷനും സംസ്ഥാന നോഡൽ ഓഫീസർമാരെ 26/02/2025 ലെ സ.ഉ.(കൈ) നം. 8/2025/വനം ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ളതും കൃത്യമായ ഇടവേളകളിൽ പ്രവർത്തന പുരോഗതി വിലയിരുത്തി ആവശ്യമായ ഇടപെടലുകളും നിർദ്ദേശങ്ങളും നൽകി വരുന്നു. കൂടാതെ വനം വകുപ്പ് മേധാവിയും ചീഫ് വൈൽഡ് ലൈഫ് വാർഡനും മറ്റു വിവിധ വിഭാഗങ്ങളുടെ മേധാവികളും മുതിർന്ന ഉദ്യോഗസ്ഥരും ഓരോ മിഷനും വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. മനുഷ്യ- |

| | | | |
|---|---|---|---|
| | | | വന്യജീവി സംഘർഷ ലഘൂകരണം സംബന്ധിച്ച് ബഹു. മുഖ്യമന്ത്രി, ബഹു. വനം വകുപ്പ് മന്ത്രി, ബഹു. ഹൈക്കോടതിയും സമയാസമയം നൽകുന്ന നിർദ്ദശങ്ങളും ടി തീവ്രയജ്ഞ മിഷനുകളുടെ ഭാഗമായി ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ സീനിയർ ഫോറസ്റ്റ് ഓഫീസർമാരുടെ പ്രതിമാസ യോഗത്തിൽ പത്ത് മിഷനുകളുടേയും പ്രവർത്തന പുരോഗതി പതിവായി അവലോകനം ചെയ്ത് ആവശ്യമുള്ള നിർദ്ദേശങ്ങൾ നൽകിവരുന്നു. |
| (സി) | പ്രസ്തുത മിഷനുകൾ രൂപീകരിച്ചതിന് ശേഷം മനുഷ്യ - വന്യ ജീവി സംഘർഷത്തിന് കുറവ് വന്നിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | പ്രസ്തുത മിഷനുകൾ രൂപീകരിച്ചതിന് ശേഷം മനുഷ്യ-വന്യജീവി സംഘർഷങ്ങളിലെ കുറവ് വിലയിരുത്തുന്നതിന് കൂടുതൽ സമയം വേണ്ടതുണ്ട്. എങ്കിലും പ്രാഥമികമായ വിലയിരുത്തലിൽ മനുഷ്യ-വന്യജീവി സംഘർഷം മൂലമുള്ള മനുഷ്യ മരണങ്ങൾ കുറഞ്ഞു വരുന്നതായി കാണാം. കൂടാതെ സംഘർഷ കാരണങ്ങൾ പൊതുജനങ്ങൾ കൂടുതൽ വ്യക്തതയോടെ മനസ്സിലാക്കാൻ ശ്രമിക്കുന്നതായും സംഘർഷ ലഘൂകരണ / നിവാരണ പ്രവർത്തനങ്ങളിൽ ക്രിയാത്മകമായി പങ്കെടുക്കുന്നതായും നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ